മുട്ടം ഹോളിഫാമിലി ഹയർസെക്കൻഡറി സ്കൂളിനു നേട്ടം

ചേർത്തല :സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ചേർത്തല മുട്ടം ഹോളിഫാമിലി ഹയർസെക്കൻഡറി സ്കൂളിനു നേട്ടം.ഹയർസെക്കൻഡറി, ഹൈസ്കൂൾ വിഭാഗങ്ങളിലായി പങ്കെടുത്ത പത്തിനങ്ങളിൽ ഒമ്പതിലും മികവുകാട്ടിയാണ് സ്കൂൾ സംസ്ഥാന തലത്തിൽ തന്നെ ശ്രദ്ധനേടിയത്.

പാഠ്യ വിഷയങ്ങൾക്കൊപ്പം പാഠ്യേതര മേഖലയിലും പ്രാധാന്യം നൽകിയുള്ള പ്രവർത്തനങ്ങളാണ് മികവിനു വഴിയൊരുക്കിയതെന്ന് സ്കൂൾ പ്രഥമാധ്യാപിക എം.മിനി,പി.ടി.എ പ്രസിഡന്റ് അഡ്വ.ജാക്സൺമാത്യു, സ്റ്റാഫ് സെക്രട്ടറി വി. ശ്രീഹരി, പി.ടി.നോബിൾ, അനിട്രീസ ഫ്രാൻസിസ് എന്നിവർ വാർത്ത സമ്മേളനത്തിൽ അറിയിച്ചു.

ജില്ലയിൽ രണ്ടാം സ്ഥാനവും സംസ്ഥാന തലത്തിൽ 18ാം സ്ഥാനവുമാണ് സ്കൂൾ നേടിയത്.മികവുകാട്ടിയ വിദ്യാർഥികളെ അനുമോദിക്കുന്നതിനായി 13-ന് സ്കൂളിൽ വിജയാഹ്ളാദ റാലി നടത്തും.രണ്ടിന് മുനിസിപ്പൽ ബസ് സ്റ്റാൻഡിൽ നിന്നും സ്കൂളിലേക്കാണ് റാലി.തുടർന്ന് അനുമോദന യോഗവും നടക്കും.23-നും 24-നുമായി നടക്കുന്ന സ്കൂൾ വാർഷികത്തിൽ നേട്ടം കൊയ്ത വിദ്യാർഥികളുടെ കലാവിരുന്നും നടത്തും.

എംഎ ഇന്റർനാഷണൽ സ്കൂൾ വാർഷികം

കോതമംഗലം: മാർ അത്തനേഷ്യസ് ഇന്റർനാഷണൽ സ്കൂൾ വാർഷികം വിപുലമായ പരിപാടികളോടെ നടന്നു. ചലച്ചിത്ര സംവിധായകൻ രഞ്ജിത് ശങ്കറും, നന്ദിനി ആർ നായരും (ഐ ആർ എസ്) ചേർന്ന് വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു. എ. എ കോളെജ് അസോസ്സിയേഷൻ സെക്രട്ടറി ഡോ.വിന്നി വറുഗീസ് മുഖ്യ പ്രഭാഷണം നടത്തി. ആകമാന യാക്കോബായ സുറിയാനി സഭയുടെ പെരുമ്പാവൂർ മേഖല അധ്യക്ഷൻ മാത്യസ് മാർ അപ്രേം തിരുമേനി അധ്യക്ഷത വഹിച്ചു. പ്രിൻസിപ്പൽ ജൂബി പോൾ സ്വാഗതം ആശംസിച്ചു. സ്കൂൾ ഹെഡ്ഗേൾ കുമാരി മരിയ സിജു നന്ദി രേഖപ്പെടുത്തി.

യുവജന സംഗമം നടത്തും

ചേർത്തല: എസ്.എൻ.ഡി.പി യോഗം ചേർത്തല മേഖലയിലെ യൂത്ത്മൂവ്മെന്റിന്റെ നേതൃത്വത്തിൽ ദേശീയ യുവജന ദിനത്തോടനുബന്ധിച്ച് ഇന്ന് വൈകിട്ട് 4ന് യുവജന സംഗമം നടത്തും. യൂത്ത്മൂവ്മെന്റ് കേന്ദ്ര സമിതി പ്രസിഡന്റ് സന്ദീപ് പച്ചയിൽ ഉദ്ഘാടനം ചെയ്യും. ചേർത്തല മേഖല ചെയർമാൻ കെ.പി.നടരാജൻ അദ്ധ്യക്ഷത വഹിക്കും.കൺവീനർ പി.ഡി.ഗഗാറിൻ സ്വാഗതം പറയും. വൈസ് ചെയർമാൻ പി.ജി.രവീന്ദ്രൻ,കമ്മിറ്റി അംഗങ്ങളായ അനിൽ ഇന്ദീവരം,ജെ.പി.വിനോദ്,ആർ. രാജേന്ദ്രൻ,ഗുരുദേവ പഠന കേന്ദ്രം കോ ഓർഡിനേറ്റർ മനോജ് മാവുങ്കൽ,പെൻഷനേഴ്സ് ഫോറം പ്രസിഡന്റ് ശോഭിനി, രവീന്ദ്രൻ,വനിതാ സംഘം മേഖല പ്രസിഡന്റ് ബിൻസി സനൽ,സൈബർ സേന ചെയർമാൻ വിനോദ് കോയിക്കൽ,എംപ്ലോയീസ് ഫോറം ചെയർമാൻ ആർ. തേജസ്,ഗംഗപ്രസാദ് എന്നിവർ സംസാരിക്കും.

ജില്ലാ സമ്മേളനം ഇന്ന്

ചേർത്തല: പ്രൈവറ്റ് ബിൽഡിംഗ് കോൺട്രാക്ടേഴ്സ് അസോസിയേഷൻ 50മത് ജില്ലാ സമ്മേളനം ഇന്ന് ചേർത്തല വുഡ്ലാൻഡ്സ് ഓഡിറ്റോറിയത്തിൽ നടക്കുമെന്ന് ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. രാവിലെ 11.45ന് പ്രകടനം,തുടർന്ന് നടക്കുന്ന സമ്മേളനം മന്ത്രി പി.പ്രസാദ് ഉദ്ഘാടനം ചെയ്യും. ജില്ല പ്രസിഡന്റ് കെ.ടി.മദനൻ അദ്ധ്യക്ഷത വഹിക്കും.മുനിസിപ്പൽ ചെയർപേഴ്സൺ ഷേർളി ഭാർഗവൻ,കൗൺസിലർ എസ്.സനീഷ്,വ്യാപാരി വ്യവസായി സമിതി സംസ്ഥാന ജോയിന്റ് സെക്രട്ടറി ടി.വി.ബൈജു,പി.ബി.സി.എ സംസ്ഥാന വൈസ് പ്രസിഡന്റ് പി.ജെ.കുഞ്ഞപ്പൻ,എം.എസ്.ഷാജി എന്നിവർ സംസാരിക്കും. ജില്ലാ സെക്രട്ടറി കെ.എസ്.രാജുകുട്ടൻ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കും.ജില്ല ട്രഷറർ കെ.ജി.രാജേഷ് കണക്ക് അവതരിപ്പിക്കും. സംസ്ഥാന പ്രസിഡന്റ് സി.കെ.വേലായുധൻ സംഘടനാ റിപ്പോർട്ട് അവതരിപ്പിക്കും. ജില്ലാ സെക്രട്ടറി കെ.എസ്.രാജുകുട്ടൻ, വൈസ് പ്രസിഡന്റ് മൂർത്തി സൻമയൻ,ജില്ലാ കമ്മിറ്റി അംഗം റോബി പായുവ എന്നിവർ പരിപാടികൾ വിശദീകരിച്ചു.

മധുമാസ ചന്ദ്രലേഖ മടങ്ങുന്നു പള്ളിത്തേരിൽ...

അനശ്വര ഗായകൻ പി ജയചന്ദ്രന്റെ മൃതദേഹം പാലിയം നാലുകെട്ടിലെ ശ്മശാനത്തിൽ പ്രത്യേകം തയ്യാറാക്കിയ ചിതയിൽ കത്തിയമർന്നപ്പോൾ.

ചേന്ദമംഗലം പാലിയം നാലുകെട്ടിൽ പൊതുദർശനത്തിന് വച്ച മൃതദേഹം കാണാൻ എത്തിയ ജനക്കൂട്ടം.

പാലിയത്തെ നാലുകെട്ടിൽ നിന്നും വൻ ജനാവലിയുടെ സാന്നിധ്യത്തിൽ മൃതദേഹം അന്ത്യകർമ്മങ്ങൾക്കായി ശ്മശാനത്തിലേക്ക് കൊണ്ടുപോകുന്നു.

പ്രിയ ഗായകനെ സംസ്ഥാന സർക്കാർ ഔദ്യോഗിക ബഹുമതികൾ നൽകി യാത്രയാക്കുന്നു

ജയചന്ദ്രന്റെ പ്രിയ സുഹൃത്തും ഗാന രചയിതാവുമായ ശ്രീകുമാരൻ തമ്പി, കത്തിയമരുന്ന ചിതയ്ക്കരികെ'

മനു ഷെല്ലി

ആലുവയിൽ 40 പവനും എട്ടരലക്ഷവും
കവർന്നത് ഗൃഹനാഥ

കൊച്ചി: ആലുവയിൽ പട്ടാപ്പകൽ വീട് കുത്തിത്തുറന്ന് പണവും സ്വർണവും കവർന്ന മോഷണത്തിൽ വഴിത്തിരിവ്. ആലുവ ആയത്ത് ഇബ്രാഹിം കുട്ടിയുടെ വീട്ടിൽ നിന്നു 40 പവൻ സ്വർണാഭരണവും എട്ടരലക്ഷം രൂപയും കവർന്നത് ഗൃഹനാഥയാണെന്ന് കണ്ടെത്തി. വീട്ടിലുള്ളവർക്ക് അനർഥമുണ്ടാകുമെന്ന് ഭയപ്പെടുത്തി ഗൃഹനാഥയുമായി അടുപ്പം സ്ഥാപിച്ച് തൃശൂർ സ്വദേശിയായ അൻവർ ഉസ്താദ് ലൈലയെ കൊണ്ട് മോഷണം നടത്തിക്കുയായിരുന്നെന്ന് പൊലീസ് പറഞ്ഞു. പിടിക്കപ്പെടുമെന്ന് ഉറപ്പായതോടെ കവർച്ചാ നാടകം ആസൂത്രണം ചെയ്യുകയായിരുന്നു. അൻവറിനെ പൊലീസ് അറസ്റ്റ് ചെയ്തു.

ഭർത്താവ് ഇബ്രാഹിം കുട്ടി അറിയാതെ ലൈല പണവും സ്വർണവും ഉസ്താദിന് കൈമാറുകയായിരുന്നെന്ന് പൊലീസ് പറഞ്ഞു. കഴിഞ്ഞ തിങ്കളാഴ്ചയായിരുന്നു സംഭവം. നേരത്തെ ആസൂത്രണം ചെയ്തതനുസരിച്ച് വീട്ടിൽ ആരുമില്ലാത്ത സമയത്താണ് മോഷണം നടന്നതെന്ന് വരുത്തിത്തീർക്കുകയായിരുന്നു. ഇതിന്റെ ഭാഗമായി എല്ലാമുറികളിലെയും മേശകളും അലമാരകകളും തുറന്ന് സാധനങ്ങൾ വലിച്ചുവാരി നിലത്തിടുകയും ചെയ്തു. സ്വർണം അലമാരയിലും പണം ബെഡിന്റെ അടിയിലുമാണ് സൂക്ഷിച്ചിരുന്നതെന്നുമായിരുന്നു ലൈല പൊലീസിന് നൽകിയ മൊഴി.ഇബ്രാഹിംകുട്ടിയും ഭാര്യ ലൈലയുമാണ് മാത്രമാണ് വീട്ടിൽ താമസിച്ചിരുന്നത്. പഴയ കെട്ടിടങ്ങൾ വാങ്ങി പൊളിച്ചു വിൽക്കുന്ന ബിസിനസുകാരനാണ് ഇബ്രാഹിംകുട്ടി. അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കു പുറത്തു പോയിരിക്കുകയായിരുന്നു അദ്ദേഹം. ഡിവൈഎസ്പി ടിആർ രാജേഷിന്റെ നേതൃത്വത്തിൽ പൊലീസ് സംഘമാണ് അന്വേഷണം നടത്തിയത്.പരാതി ലഭിച്ച ഉടനെ പൊലീസ് സംഘവും, വിരലടയാള വിദഗ്ദരും,ഫോറൻസിക് സംഘവും, ഡോഗ് സ്ക്വാഡും സ്ഥലത്തെത്തി പരിശോധന നടത്തി. നിരവധി സി സി ടി വി പരിശോധിച്ചു. വിവിധ സ്ക്വാഡുകളായി തിരിഞ്ഞ് പരിശോധന നടത്തി. ശാസ്ത്രീയ അന്വേഷണത്തിൽ കവർച്ച നാടകമാണെന്ന് മനസിലായി. തുടർന്നു വീട്ടുകാരെ ചോദ്യം ചെയ്തത്തിൽ ആഭിചാര ക്രിയ ചെയ്യുന്ന ഉസ്താദിന്റെ നിർദേശനുസരണമാണ് ഇപ്രകാരം ചെയ്തതെന്നു വീട്ടമ്മ പൊലീസിനോട് സമ്മതിച്ചു. ഭർത്താവിനും മക്കൾക്കും അപകട മരണം സംഭവിക്കുമെന്നും പറഞ്ഞ് വിശ്വസിപ്പിച്ച് അതിനു പരിഹാരം ചെയണമെന്നും പറഞ്ഞ് തവണകളായി പണവും, സ്വർണവും കൈപ്പറ്റുകയായിരുന്നു. ഇയാളുടെ നിർദേശ പ്രകാരമാണ് മുൻവശത്തെ ഡോറിന്റെ ലോക്ക് പൊളിച്ചതും വീട്ടിൽ കവർച്ച നടന്ന രീതിയിൽ ചിത്രീകരിച്ചതും .

ഹരിത കർമ്മസേനയ്ക്ക് ന്യൂ ഇയർ അലവൻസ് വിതരണം നടത്തി

കോതമംഗലം: പല്ലാരിമംഗലം ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മസേന അംഗങ്ങൾക്കുള്ള ന്യൂ ഇയർ അലവൻസ് വിതരണം പ്രസിഡന്റ് ഖദീജ മുഹമ്മദ് ഉദ്ഘാടനം ചെയ്തു. വൈസ്പ്രസിഡന്റ് ഒ ഇ അബ്ബാസ് അദ്ധ്യക്ഷതവഹിച്ചു. പഞ്ചായത്ത് സെക്രട്ടറി ഇ കെ കൃഷ്ണൻകുട്ടി, അസിസ്റ്റന്റ് സെക്രട്ടറി എം എം നിസീമ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ പി സിറാജ്, സിഡിഎസ് ചെയർപേഴ്സൺ ഷെരിഫ റഷീദ്, കൺസോഷ്യം പ്രസിഡന്റ് ബീമ ഷംസുദീൻ, സെക്രട്ടറി ഷിൽജ സലിം, സാക്ഷരത പ്രേരക് വി എം സുഫൈറ എന്നിവർ സംസാരിച്ചു.

എംഎസ്എംഇ ശാക്തീകരണത്തിൽ കേരളം മാതൃക: കേന്ദ്രമന്ത്രി ജിതൻ റാം മാഞ്ചി

● കേന്ദ്രമന്ത്രി ജിതൻ റാം മാഞ്ചിക്ക് സ്വീകരണം നൽകി

കൊച്ചി: കേന്ദ്ര എം എസ് എം ഇ മന്ത്രിയും ഹിന്ദുസ്ഥാനി ആവാം മോർച്ച നേതാവുമായ ജിതൻ റാം മാഞ്ചിക്ക് കൊച്ചിയിൽ പാർട്ടി പ്രവർത്തകരുടെ ഊഷ്മള സ്വീകരണം. സംസ്ഥാന പ്രസിഡന്റ് സിബി ജോർജ്, അഖിലേന്ത്യ സെക്രട്ടറി റെസ്‌ലി മങ്കാശ്ശേരി, സൗത്ത് ഇന്ത്യൻ കോഡിനേറ്റർ വിനോദ്, ആന്ധ്ര സ്റ്റേറ്റ് പ്രസിഡന്റ് രാജു എന്നിവരുടെ നേതൃത്വത്തിലാണ് മന്ത്രിക്ക് സ്വീകരണം നൽകിയത്. കേരളത്തിലെ സൂക്ഷ്മ ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ആശയങ്ങൾ പാർട്ടി പ്രവർത്തകരുമായി പങ്കുവയ്ക്കുന്നതിനും കയർ ബോർഡ്, എം എസ് എം ഇ, ഖാദി ബോർഡ് എന്നിവയുടെ ഓഫിസുകൾ സന്ദർശിക്കുന്നതിനും ബജറ്റിൽ ഉൾപ്പെടുത്തേണ്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനുമായാണ് മന്ത്രി കൊച്ചിയിലെത്തിയത്.

കേരളത്തിൽ വ്യവസായ വികസനത്തിന് ആവശ്യമായ എല്ലാ സഹകരണവും ഉറപ്പുവരുത്തുമെന്ന് മന്ത്രി പാർട്ടി പ്രവർത്തകരോട് സംസാരിക്കവെ പറഞ്ഞു. എം എസ് എം എ മേഖല ശക്തമായ കേരളത്തിൽ ഈ മേഖലയുടെ വികസനത്തിന് സാധ്യമായതെല്ലാം ചെയ്യുമെന്നും മന്ത്രി ഉറപ്പ് നൽകി. എം എസ് എം ഇ മേഖലയിൽ കേരളം മാതൃകയാണെന്നും മന്ത്രി പറഞ്ഞു. സമാധാനപ്രിയരും അധ്വാനശീലമായ മലയാളികൾക്ക് ഭാരതത്തിന്റെ വികസനത്തിൽ മുഖ്യ പങ്കുവഹിക്കാൻ കഴിയുമെന്ന് മന്ത്രി സമ്മേളനത്തിൽ പറഞ്ഞു. കേന്ദ്ര സർക്കാറിന്റെ വികസന കാഴ്ചപ്പാടിനൊപ്പം പ്രവർത്തിക്കാൻ കേരളത്തിലെ പാർട്ടി പ്രവർത്തകർ സജ്ജമാണെന്ന് പാർട്ടി സംസ്ഥാന പ്രസിഡന്റ് സിബി ജോർജ്ജ് പറഞ്ഞു. ഒരു ദിവസത്തെ സന്ദർശനത്തിനു ശേഷം ശനിയാഴ്ച മന്ത്രി ഡൽഹിക്ക് തിരിച്ചു.

കൊച്ചിയിലെത്തിയ കേന്ദ്രമന്ത്രി ജിതൻ റാം മാഞ്ചിയെ ഹിന്ദുസ്ഥാനി ആവാം മോർച്ച സംസ്ഥാന പ്രസിഡന്റ് സിബി ജോർജ്, അഖിലേന്ത്യ സെക്രട്ടറി റെസ്‌ലി മങ്കാശ്ശേരി എന്നിവരുടെ നേതൃത്വത്തിൽ സ്വീകരിക്കുന്നു

CHANGE OF NAME

I, LEKSHMI SURESH, PPTNO : Z 2922776, OLAVATTATHU, THRIPRAYAR, NATTIKA P.O,THRISSUR - 680566, hereby change my name as LEKSHMI RADHAKRISHNAN SURESH.

I, FATHIMA SHANAVAS, KOCHUTHEKKE THEKKATHIL, KAYAMKULAM P.O, ALAPPUZHA, hereby change my son's name AYAAN ABDUL KHADER SHANAVAS (PPT NO: Y 7282243) to OMAR AYAAN SHANAVAS.

ദക്ഷിണ റെയ്ൽവേ

തിരുവനന്തപുരം ഡിവിഷനുമായി ബന്ധപ്പെട്ട വാണിജ്യ ആസ്തികൾക്കുള്ള ഇ-ലേലം

ഇന്ത്യൻ രാഷ്ട്രപതിക്ക് വേണ്ടി, ഡിവിഷണൽ റെയിൽവേ മാനേജർ (കൊമേഴ്സ്യൽ), ദക്ഷിണ റെയിൽവേ, തിരുവനന്തപുരം ഡിവിഷൻ താഴെ പറയുന്ന കരാറുകൾ ഇ-ലേലത്തിലൂടെ നൽകണമെന്ന് ആവശ്യപ്പെടുന്നു.

Sl. No.	കരാറിന്റെ തരം	കാറ്റലോഗ് നമ്പർ.
1.	നാഗർകോവിൽ, ക്ലസ്റ്റർ-1 സ്റ്റേഷനുകളിൽ എൽസിഡി/എൽഇഡി ബോർഡ് വഴി തത്സമയ ട്രെയിൻ വിവരങ്ങളും ഡിജിറ്റൽ കോച്ച് പൊസിഷൻ ഡിസ്പ്ലേയും	ADV-RTTI-VW1
	തിരുവനന്തപുരം സെൻട്രൽ സ്റ്റേഷനിൽ വീഡിയോ വാൾ വഴിയുള്ള പരസ്യം	
2.	നാഗർകോവിൽ സ്റ്റേഷനിൽ 2 വീലറിന്റെയും മറ്റ് പാഴ്സൽ / ബാഗേജുകളുടെയും പാക്കിംഗ്	MSS-NCJ-PA-3
3.	എസ്എൽആർ പാട്ടത്തിനെടുക്കൽ	SLR-77-2024
4.	വാഹന പാർക്കിംഗ് മാനേജ്മെന്റ്	Parking-62-2024
5.	വാഹന പാർക്കിംഗ് മാനേജ്മെന്റ്	Parking - 01-2025

Sl. No	റെയിൽവേ സ്റ്റേഷനുകൾ / ട്രെയിൻ നമ്പർ.	ജോലിയുടെ പേര്:
1.	നാഗർകോവിൽ ജംഗ്ഷൻ, ക്ലസ്റ്റർ-1 സ്റ്റേഷനുകൾ (കൊച്ചുവേളി, കായംകുളം, & ചെങ്ങന്നൂർ)	13.01.2025
	തിരുവനന്തപുരം സെൻട്രൽ	13.01.2025
2.	നാഗർകോവിൽ ജംഗ്ഷൻ	13.01.2025
3.	ടി.നമ്പർ 22816 എക്സ്പ്രസ്	22.01.2025
4.	ഒല്ലൂർ, മാരാരിക്കുളം, ചെറിയാൻകീഴ്, ശാസ്താൻകോട്ട & വള്ളത്തോൾ നഗർ	15.01.2025
5.	പുങ്കുന്നം & അമ്പലപ്പുഴ	22.01.2025

ഇ-ലേലത്തിന്റെ വിശദാംശങ്ങൾ വെബ്സൈറ്റിൽ കാണാം - www.ireps.gov.in കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: 9746769958.

സിനിയർ ഡിവിഷണൽ കൊമേഴ്സ്യൽ മാനേജർ, തിരുവനന്തപുരം-14

HDB FINANCIAL SERVICES എച്ച്ഡിബി ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ്.

രജിസ്റ്റേഡ് ഓഫിസ്- രാധിക, രണ്ടാം നില, ലോ ഗാർഡൻ റോഡ്, നവ്രംഗ്പുര, അഹമ്മദാബാദ്-09, ശാഖാ ഓഫിസ്: എച്ച്ഡിബി ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ്, രണ്ടാം നില, ആർട്ട് ഓഫ് ലിവിങ് ടവർ, 13 ക്രോസ് റോഡ്, എസ്ബിടി അവന്യൂ, പാസ്പോർട്ട് ഓഫിസിന് സമീപം, പന്നമ്പിള്ളി നഗർ, കൊച്ചി-കേരളം-682036.

ലേല വിൽപ്പനാ അറിയിപ്പും ഇ-ലേല വിൽപ്പനാ അറിയിപ്പും

(വായ്പക്കാരൻ/സഹവായ്പ്പക്കാരൻ/പൊതുജനങ്ങൾ എന്നിവർക്കായി) (2002 സർഫേസി ആക്റ്റിലെ റൂൾ 8(6), കീഴിൽ, റൂൾ 9(1) പ്പം വായിക്കുക.

2002ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് ആൻഡ് ഫിനാൻഷ്യൽ അസറ്റ്സ് ആക്റ്റിലെ സെക്യൂരറ്റൈസേഷൻ ആൻഡ് റി കൺസ്ട്രക്ഷൻ പ്രകാരം താഴെ പരാമർശിച്ചിരിക്കുന്ന സ്ഥലം താഴെ പരാമർശിച്ചിരിക്കുന്ന വായ്പാ അക്കൗണ്ടിനു വേണ്ടി സ്ഥലം ഏതു വിധത്തിലാണോ അതുപോലെ തന്നെയും എവിടെയാണോ അങ്ങനെ തന്നെയും വിൽക്കാനുള്ള അധികാരത്തോടെ ജപ്തി ചെയ്തിരിക്കുന്നു.

അപേക്ഷകന്റെ & സഹഅപേക്ഷന്റെ പേരും വിലാസവും: (1) ഹരിദാസ് ചെട്ടിയാർ കെ.ബി., III/326, 327, മാർക്കറ്റ് റോഡ്, പറവൂർ എറണാകുളം, ചേന്ദമംഗലം-683513 (2) കെ.ബി. ഹരിദാസ് ചെട്ടിയാർ, 277 20, ഹരിശ്രീ കണ്ണൻപറമ്പ് 5ാൺ, എൽ പി സ്കൂൾ റോഡ്, കെഎംകെ ജംക്ഷൻ, പറവൂർ, എറണാകുളം, ചേന്ദമംഗലം-683513 (3) ശോഭന ടി., 277 20, ഹരിശ്രീ കണ്ണൻപറമ്പ് 5ാൺ, എൽപി സ്കൂൾ റോഡ്, കെഎംകെ ജംക്ഷൻ, പറവൂർ, എറണാകുളം, ചേന്ദമംഗലം-683513. അക്കൗണ്ട് നമ്പറുകൾ 3833644 & 7472760, ആകെ കുടിശിക തുക: ലോൺ നമ്പർ 3833644ൽ Rs. 1,69,10,128.77/- (ഒരു കോടി അറുപത്തൊമ്പത് ലക്ഷത്തി പതിനായിരത്തി ഒരുന്നൂറ്റി ഇരുപത്തെട്ട് രൂപ എഴുപത്തേഴ് പൈസ, 20.10.2022 വരെയുള്ളത്) & ലോൺ നമ്പർ 7472760ൽ Rs. Rs. 58,95,296.03/- (അമ്പത്തെട്ട് ലക്ഷത്തി തൊണ്ണൂറ്റിയയ്യായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റാറ് രൂപ മൂന്ന് പൈസ, 04.02.2022 വരെയുള്ളത്), തിരിച്ചടവ് വരെ തുടർപലിശയും/ആകസ്മിക ചെലവുകൾ/മറ്റു ചെലവുകളും സഹിതം.

സെക്യൂരേഡ് ക്രെഡിറ്റർക്ക് അറിയാവുന്ന ബാധ്യതകൾ എന്തെങ്കിലുമുണ്ടെങ്കിൽ: ഇല്ല.

സ്ഥാവര വസ്തുവിന്റെ വിശദാംശങ്ങൾ: പറവൂർ താലൂക്കിൽ പറവൂർ വില്ലേജിൽ സർവെ നമ്പർ 245/1ലെ 6.07 ആവ്സ് വിസ്തൃതിയോടു കൂടിയ സ്ഥലവും പറവൂർ കോർപ്പറേഷനിലെ XVI/110 എന്ന നമ്പറിലുള്ള കെട്ടിടവും അതിലെ മറ്റു വസ്തുവകകളും എല്ലാം ഉൾപ്പടെ, എറണാകുളം ജില്ലയിൽ പറവൂർ എസ്ആർഒയിൽ ശ്രീ ശോഭനയുടെ പേരിലുള്ള സെയിൽ ഡീഡ് നമ്പർ 1875/1985 & ശ്രീ ഹരിദാസ് ചെട്ടിയാരുടെ പേരിലുള്ള സെയിൽ ഡീഡ് നമ്പർ 5688/1984 എന്നിവയിൽ റെജിസ്റ്റേഡ് ചെയ്തിരിക്കുന്ന പ്രകാരം. അതിർത്തികൾ: കിഴക്ക്- കൃഷ്ണ പ്രഭുവിന്റെ സ്ഥലം, വടക്ക്- കൃഷ്ണ പ്രഭുവിന്റെ സ്ഥലം, തെക്ക്- മുനിസിപ്പൽ റോഡ്, പടിഞ്ഞാറ്- അംബുജാക്ഷന്റെ സ്ഥലം (നോർത്ത് പറവൂർ വില്ലേജ് ഓഫിസർ പുറപ്പെടുവിച്ച ലൊക്കേഷൻ സ്കെച്ച് നമ്പർ 291/2018 പ്രകാരമുള്ളതാണ് അതിർത്തികൾ).

റിസർവ് തുക	ഏണസ്റ്റ് മണി ഡെപ്പോസിറ്റ്	ബിഡ് ഇൻക്രിമെന്റൽ തുക	ലേലത്തിന്റെ തിയതിയും സമയവും	ഇ-ഏഡിയുടെ അവസാന തിയതിയും സമയവും.
Rs.1,71,36,765/-	Rs.17,13,676/-	Rs.1,00,000/-	06-02-2025 at 11 AM to 12 Noon	05-02-2025 up to 06:00 p.m

ടെണ്ടർ-കം-ലേല വിൽപ്പനയുടെ നിബന്ധനകളും വ്യവസ്ഥകളും: 1) ലേല വിൽപ്പന 'ഓൺലൈൻ ഇ-ലേല' വഴി ബിഡ്ഡിംഗ് ആയിരിക്കും വെബ്സൈറ്റ് https://bankauctions.in , info@bankauctions.in (foreclosure) Mr. Bhargav/bhargav@bankauctions.in/ 8142000060 /Kiranmai/info@bankauctions.in/ 8142000066 # 605A, ആറാം നില, മൈത്രിവനം, അമിർപേട്ട്, ഹൈദരാബാദ്-500038, തെലങ്കാന മൊബൈൽ5 മിനിറ്റ് പരിധിയില്ലാത്ത വിപുലീകരണത്തോടുകൂടിയ മുകളിലെ പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്ന തിയതികളിലെ APP. 2) താൽപ്പര്യമുള്ള ലേലക്കാർ അവരുടെ അപേക്ഷ സമർപ്പിക്കേണ്ടതാണ് വെബ് പോർട്ടലിലൂടെ ഇഎഡി: https://bankauctions.in, info@bankauctions.in, Mr.Bhargav/bhargav@bankauctions.in/8142000060 / Kiranmai/info@bankauctions.in/ 8142000066 #605A, ആറാം നില, മൈത്രിവനം, അമിർപേട്ട്, ഹൈദരാബാദ്-500038, തെലങ്കാന (ഉപയോക്താവ് https://bankauctions.in, info@bankauctions.in, Mr.Bhargav/ എന്നതിൽ പേര് രജിസ്റ്റർ ചെയ്യുന്നതിലൂടെ ഐഡിയും പാസ്‌വേഡും സാജന്യമായി ലഭിക്കും. bhargav@bankauctions.in/8142000060 / Kiranmai/info@bankauctions.in/ 8142000066 # 605A, ആറാം നില, മൈത്രിവനം, ലോഗിൻ ഐഡിയും പാസ്‌വേഡും വഴി അമിർപേട്ട്, ഹൈദരാബാദ്-500038, തെലങ്കാന. ഇഎഡി ഓർഡർ/ഡിമാൻഡ് ഡ്രാഫ്റ്റ് മുമ്പേ അടയ്ക്കേണ്ടതാണ് മുകളിലുള്ള 'HDB ഫിനാൻഷ്യൽ സർവീസ് ലിമിറ്റഡിന്' അനുകൂലമായി വരച്ച റിസർവ് വിലയുടെ 10% ഇഎംഡിക്ക്. രജിസ്ട്രേഷന് ശേഷം (മുറ്റത്തവണ) വെബ് പോർട്ടലിലെ ലേലം വിളിക്കുന്നയാൾ, ഉദ്ദേശിക്കുന്ന ബിഡ്ഡർ / വാങ്ങുന്നയാൾ ഇനിപ്പറയുന്ന പ്രമാണങ്ങളുടെ പകർപ്പുകൾ അപ്‌ലോഡ് ചെയ്യേണ്ടതുണ്ട് ബിഡ് ഡോക്യുമെന്റുകൾ സമർപ്പിക്കുന്ന അവസാന തിയതിക്കും സമയത്തിനും മുമ്പുള്ള വെബ് പോർട്ടൽ, അതായത്:i) NEFT/RTGS ചലാൻ അല്ലെങ്കിൽ ഡിമാൻഡിൻറെ പകർപ്പ് ഡ്രാഫ്റ്റ്, ii) പാൻ കാർഡിന്റെ പകർപ്പ് iii) ഐഡന്റിഫിക്കേഷൻ പ്രൂഫ്/ അഡ്രസ് പ്രൂഫ് (KYC) അതായത്. വോട്ടർ ഐഡി കാർഡ് / ഡ്രൈവിംഗ് ലൈസൻസ് / സ്വന്തം സാക്ഷ്യപ്പെടുത്തിയ പകർപ്പ് പാസ്പോർട്ട് മുതലായവ; അതില്ലാതെ ബിഡ് നിരസിക്കപ്പെടാൻ ബാധ്യസ്ഥമാണ്. അനുബന്ധം-I, III എന്നിവയുടെ സ്കാൻ ചെയ്ത പകർപ്പ് അപ്‌ലോഡ് ചെയ്യുന്നു (താഴത്താം- വെബ് പോർട്ടലിൽ നിന്ന് ലോഗ് ചെയ്തത്: https://bankauctions.in, info@bankauctions.in, Mr. Bhargav/ bhargav@bankauctions.in/ 8142000060 / Kiranmai/info@bankauctions.in/ 8142000066 #605A, ആറാം നില, മൈത്രിവനം, അമിർപേട്ട്, ഹൈദരാബാദ്-500038, തെലങ്കാന, യഥാസമയം പൂരിപ്പിച്ചതിന് ശേഷം പ്പിടെലും ആവശ്യമാണ്. സൃഷ്ടിക്കുന്നതിന് സഹായം ആവശ്യമുള്ള താൽപ്പര്യമുള്ള ലേലക്കാർ ലോഗിൻ ഐഡിയും പാസ്‌വേഡും, ഡാറ്റ അപ്‌ലോഡ് ചെയ്യൽ, ബിഡ് ഡോക്യുമെന്റുകൾ സമർപ്പിക്കൽ, ഓൺലൈൻ ഇന്റർ-ണെ ബിഡ്ഡിംഗിനെക്കുറിച്ചുള്ള പരിശീലനം/ ഡെമോൺസ്ട്രേഷൻ തുടങ്ങിയവ. നയപരമായ വിലാസം: https://bankauctions.in, info@bankauctions.in, Mr.Bhargav/bhargav@bankauctions.in/8142000060 /Kiranmai/info@bankauctions.in/8142000066 #605A, ആറാം നില, മൈത്രിവനം, അമിർപേട്ട്, ഹൈദരാബാദ്-500038, തെലങ്കാന. 3) താൽപ്പര്യമുള്ള ലേലക്കാർ അവരുടെ ഇഎംഡി ഡിസ്പോസൽ ഹണ്ട് കമ്പനിയുടെ പേര് മുമ്പേന സമർപ്പിക്കണം https://DisposalHub.com, CSD@DisposalHub.com, 9310029933, 98100 29926, +91 124 4 233 933 NexXen സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ്, ക്ലയന്റ് സർവീസ് ഡെലിവറി (CSD) വകുപ്പ് +91 93100 29933, +91 98100 29926, +91 124 4 233 933 CSD@DisposalHub.com #203, രണ്ടാം നില, ശ്രീ ശ്യാം പാലസ്, സെക്ടർ: 4&5 ക്രോസിംഗ്, ബാബാ പ്രകാശ്പുരി ചാക്ക്, റെയിൽവേ റോഡ്, ഗുരുഗ്രാം - 122 006, ഒന്നാ